# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :118 — 09.03.2015-ൽ മറുപടിക്ക്

**ഫിഷറീസ് വകുപ്പിൽ, കാസർഗോഡ് ജില്ലയിലെ അനുവദനീയമായ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | ഫിഷറീസ് വകുപ്പിൽ, കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ എത്രയാണെന്ന് തസ്തിക, ഓഫീസ് എന്നിവ തിരിച്ച് വിശദമാക്കാമോ; | (എ) | ഫിഷറീസ് വകുപ്പിന്റെ കാസർഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ള ഓഫീസ്, തസ്തികകൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ജില്ലയിൽ ആകെ എത്ര ഫിഷറീസ് വില്ലേജുകളാണുള്ളതെന്നും ഓരോ ഫിഷറീസ് വില്ലേജിലും അധിവസിക്കുന്ന ഫിഷർമെൻ എത്രയെന്നും വ്യക്തമാക്കാമോ ; | (ബി) | കാസർഗോഡ് ജില്ലയിലെ ഫിഷറീസ് വില്ലേജുകളുടേയും ഓരോന്നിലും അധിവസിക്കുന്ന ഫിഷർമെന്റെ എണ്ണത്തെയും സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | ഫിഷറീസ് വകുപ്പിനെ ആശ്രയിക്കുന്ന ഉൾനാടൻ മേഖലയിലെ മത്സ്യകർഷകരുടെ എണ്ണമെത്രയെന്ന് വ്യക്തമാക്കാമോ ; | (സി) | ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി ആകെ 6,308 മത്സ്യകർഷകർ ഉണ്ട്. |
| (ഡി) | ജില്ലയിൽ ഫിഷറീസ് വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഓഫീസ് പ്രവർത്തനമടക്കം ബുദ്ധിമുട്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | എങ്കിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ്എന്നീ തസ്തികകൾ അധികമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ബാധകമല്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ